നമ്പർ 307/2010

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാര ന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

മർത്തമറിയം വനിതാ സമാജത്തിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു എന്നറിയുന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം, പ. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ദിനമായ ആഗസ്റ്റ് 15-ാം തീയതി മർത്തമറിയം വനിതാസമാജദിന മായി ആചരിച്ചുവരികയാണല്ലോ. മുൻ വർഷങ്ങളിൽ ആചരിച്ചതുപോലെ മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഈവർഷവും ജൂലൈ 15 മുതൽ ഓഗസ്റ്റ് 15 വരെയുള്ള ദിവസങ്ങൾ വി. വേദപുസ്തക പഠന ക്ലാസ്സുകൾക്കും ചർച്ചകൾക്കുമായി വേർതിരിക്കുന്നത് പ്രയോജനപ്രദമാണ്. ദൈവവചനത്തിലൂന്നിയ ജീവിത ശൈലി നമ്മുടെ സഭാ മക്കളിൽ വളർത്തിയെടുക്കുന്നതിന് ഇത് ഉപകരിക്കുമെന്ന് പ്രത്യേകം പറ യേണ്ടതില്ലല്ലോ. ഇടവകതലത്തിലും ഭദ്രാസന തലത്തിലും ഈ പരിപാടി അനുഗ്രഹകരമാക്കിത്തീർക്കു വാൻ വേണ്ടതായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

നമ്മുടെ വനിതകളുടെ ആത്മീയ ഉന്നമനത്തോടൊപ്പം അവരുടെ സാമ്പത്തിക ഭദ്രത കൂടി മെച്ചപ്പെടുത്തണം എന്നുള്ള ആഗ്രഹത്തോടെ രൂപീകരിക്കപ്പെട്ടിട്ടുള്ള **നവജ്യോതി മോംസ്** ചാരിറ്റബിൾ സൊസൈറ്റിയുടെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും ആരംഭിക്കുവാൻ ഉത്സാഹിക്കണം. ഇതുമായി ബന്ധപ്പെട്ട വിശദ വിവര ങ്ങൾ സമാജം പ്രവർത്തകർ നിങ്ങളെ അറിയിക്കുന്നതാണ്. കൂടാതെ ഓരോ ഭവനത്തിനും ആവശ്യമുള്ള പച്ചക്കറികൾ അതാതു ഭവനങ്ങളിൽ തന്നെ ഉത്പാദിപ്പിക്കത്തക്കവണ്ണം ഓരോ അടുക്കളത്തോട്ടം ആരംഭി ക്കുന്നത് ഉചിതമാണ്. വിഷാംശമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ നമുക്ക് ലഭിക്കുവാൻ ഇത് സഹായിക്കും. ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് വെർണി കംപോസ്റ്റ് പോലെയുള്ള ക്രമീകരണങ്ങളും നമുക്ക് ഭവനങ്ങളിൽ ഒരുക്കുവാൻ സാധിക്കുന്നതാണ്.

മർത്തമറിയം വനിതാ സമാജം അതിന്റെ 80-ാം വർഷം 2011-ൽ ആചരിക്കുകയാണല്ലോ. പ്രാർത്ഥനയോടെ അതിനായി നമുക്ക് ഒരുങ്ങാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യ യുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോ റിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2010 ജൂൺ മാസം 24 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

PDF created with pdfFactory Pro trial version www.pdffactory.com